**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 778** **28-01-2026 - ൽ മറുപടിയ്ക്ക്**

**സാമൂഹിക പ്രതിബദ്ധതയും സുസ്ഥിര വികസനവും അടിസ്ഥാനമാക്കിയുള്ള നവീന വികസന മാതൃക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിൽ സാമൂഹിക പ്രതിബദ്ധതയും സുസ്ഥിര വികസനവും അടിസ്ഥാനമാക്കിയുള്ള നവീന വികസന മാതൃക സൃഷ്ടിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture) (CITA).**<br><br>പുതിയകാല സാങ്കേതിക വിദ്യയിലൂന്നിയ പ്രവർത്തന പദ്ധതിയിലൂടെ സഹകരണ മേഖലയിൽ കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി. (Co-operative Initiative in Technology Driven Agriculture) (CITA). കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയിലെ ഉപഘടകങ്ങളായിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>**പഴവർഗ്ഗച്ചെടി തോട്ടങ്ങളുടെ വ്യാപന പദ്ധതി.**<br><br>കേരളത്തിൽ പഴവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണവകുപ്പ് പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി മുഖ്യമായി കർഷകരുടെ സ്വന്തം ഭൂമിയിലോ പാട്ടഭൂമിയിലോ |

ഉയർന്ന മൂല്യമുള്ള പഴവർഗ്ഗങ്ങൾ കൃഷി ചെയ്ത് വിപണനം ചെയ്യുന്നതിനെയാണ് ലക്ഷ്യമിടുന്നത്. കേരളത്തിലെ കാർഷികമേഖലയെ സമഗ്രമായി വികസിപ്പിക്കുകയും, കർഷകർക്കുള്ള വരുമാനസാധ്യത ഉയർത്തുകയും ചെയ്യുന്ന മാതൃക പദ്ധതിയാണിത്.

**പ്രവാസികൾക്കുള്ള "പ്ലാന്റ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ" (POT)**

കേരളത്തിൽ പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യ ഭൂമി താത്കാലികമായി ഏറ്റെടുത്ത് പ്രാഥമിക വായ്പസംഘങ്ങൾ വഴി ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയും, വിളവെടുപ്പ് നടത്തി വിപണനം നടത്തുകയും ചെയ്യുന്നതാണ് POT പദ്ധതി. നിശ്ചിത കാലയളവിന് ശേഷം ഭൂമിയോടൊപ്പം തോട്ടം പ്രവാസിക്ക് തിരികെ നൽകുന്നതുമായ പദ്ധതിയാണിത്.

**ഫെനി നിർമ്മാണം**

കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ ഉപയോഗിച്ച് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ (PACS) ഫെനി ഉൽപ്പാദിപ്പിക്കുകയും, കൺസ്യൂമർ ഫെഡ് ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തുകയും ചെയ്യുന്ന പദ്ധതിയാണ് ഫെനി നിർമ്മാണം. വായ്പ സംഘങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് കേരളത്തിലെ 8 സംഘങ്ങളെ (എറണാകുളം -1, കണ്ണൂർ-5, കാസർഗോഡ്-2) പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്.

2. **സഖി പദ്ധതി**

കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ദിശാബോധം നൽകുക, വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, പരിശീലനവും ശേഷി വികസനവും നടത്തി വനിതകളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ കേരള വനിതാ ഫെഡറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്. നാഷണൽ ആയുഷ് മിഷനുമായി സഹകരിച്ച് ഗർഭാനന്തര ശുശ്രൂഷ, നവജാത ശിശു പരിചരണം, പാലിയേറ്റീവ് കെയർ, ജെറിയാട്രിക് കെയർ, അടിസ്ഥാന രോഗനിർണയം തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയ പരിശീലനം ടി പദ്ധതിയിലൂടെ നൽകുന്നു. പരിശീലനം നേടിയ വനിതകളെ "Co-op Connect" ഡിജിറ്റൽ പ്ലാറ്റ്ഫോം

വഴി ഉപഭോക്താക്കളുമായി ബന്ധിപ്പിക്കുന്നതിന് കഴിയും.

3. **കെയർഹോം**

സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിയാണ് കെയർഹോം. 2018ലെ പ്രളയ ദുരന്തത്തിൽ വീടു നഷ്ടപ്പെട്ടവർക്കു സംസ്ഥാനത്തൊട്ടാകെ ആദ്യഘട്ടത്തിൽ 2093 വീടുകൾ നിർമ്മിച്ച നൽകുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ 40 കുടുബങ്ങൾക്കു വസിക്കുവാൻ കഴിയുന്ന ഭവന സമുച്ചയവും, കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്കുള്ള ഭവനസമുച്ചയവും നിർമ്മിച്ച നൽകി. പാലക്കാട് കണ്ണാടി 2 വില്ലേജിൽ 28 കുടുബങ്ങൾക്കുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണം നടന്നു വരുന്നു.

**4.മികവ്**

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അറിവ്, കഴിവ്, മനോഭാവം എന്നിവ മെച്ചപ്പെടുത്തുന്നതിനുവേണ്ടി മികവ് എന്ന പരിശീലന പദ്ധതി നടപ്പാക്കി.

5.കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ് മെന്റ് ആപ്ലിക്കേഷൻ(CIMA)

സഹകരണ സംഘങ്ങളിലെ പരിശോധന നടപടികളുടെ കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്വം എന്നിവ വർദ്ധിപ്പിക്കുന്നതിനായി കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ് മെന്റ് ആപ്ലിക്കേഷൻ (CIMA) നടപ്പാക്കി.

6. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കടമകൾ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ സഹായിക്കുന്ന സമഗ്രമായ മാന്വലും സംഘം ജിവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമുള്ള പ്രവർത്തന മാന്വലും പ്രസിദ്ധീകരിച്ചു.

7. 'കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി 2023'

പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിനായി 'കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി 2023' എന്ന പേരിൽ പദ്ധതി നടപ്പിലാക്കി.

| | | | |
|---|---|---|---|
| | | | 8. സമഗ്രവും കാതലുമായ കേരള സഹകരണ സംഘം നിയമ ഭേദഗതി 07.06.2024-ൽ നിലവിൽ വന്നിട്ടുണ്ട്.<br><br>9. പാലിയേറ്റീവ് കെയർ പദ്ധതി<br><br>ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കി.<br><br>10. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് സംസ്കരിച്ച് വില്പന നടത്തുക എന്ന ലക്ഷ്യത്തോടെ KAPCOS, PAPCOS എന്നിവ രൂപീകരിച്ചു.<br><br>11. സഹകാരി സാന്ത്വനം<br><br>അശരണരായ സഹകാരികൾക്ക് ധനസഹായം നൽകുന്ന സഹകാരി സാന്ത്വനം എന്ന പദ്ധതി നടപ്പാക്കി.<br><br>12. സർക്കാർ പദ്ധതികളിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള പ്രോജക്റ്റ് പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ കാര്യാലയത്തിൽ "പ്രോജക്റ്റ് ക്രെഷ്" എന്ന വിഭാഗം രൂപീകരിച്ചു. |
| (ബി) | സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു സുപ്രധാന നാഴികക്കല്ലായി കരുതപ്പെടുന്ന സഹകരണ എക്സ്പോ-കൾ ഇത്തരത്തിലുള്ള മാതൃകകൾ പൊതു സമൂഹത്തിന് പരിചയപ്പെടുത്തുന്നതിന് പര്യാപ്തമായിരുന്നോ; വ്യക്തമാക്കാമോ; | (ബി) | സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തിപ്പിടിക്കുന്ന ബദൽ മാതൃകയും, ഉല്പാദന രംഗത്തെ ശ്രദ്ധേയമായ ചുവടു വയ്പുകളും പൊതു സമൂഹത്തിനു മുന്നിൽ കൊണ്ടു വരാൻ സാധിച്ചു.<br><br>• സഹകരണ മേഖലയിലെ എല്ലാ സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും, വിപണനം നടത്തുകയുമുണ്ടായി.<br>• അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കുവാൻ സാധിച്ചു.<br>• സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയതലത്തിൽ പരിചയപ്പെടുത്തുകയുണ്ടായി.<br>• സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുവാനും അവയ്ക്ക് വിപണിയിൽ സ്ഥാനം ഉറപ്പിക്കുവാനും കഴിഞ്ഞു. കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേയ്ക്ക് അവരെ കൊണ്ടെത്തിയ്ക്കുവാൻ കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | • കേരളത്തിലെ സഹകരണ ഉൽപ്പന്നങ്ങളുടെ ഏകീകൃത ബ്രാൻഡ് ആയ **coopkerala ബ്രാൻഡ്** കൂടുതൽ പൊതുജനങ്ങളെ പരിചയപ്പെടുത്തുവാൻ സാധിച്ചു.<br>• സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷണലിസവും സാങ്കേതിക വിദ്യയും പരിചയപ്പെടുത്തി.<br>• കേരളത്തിലെ സഹകരണ മേഖലയിൽ സേവനങ്ങൾ പരിചയപ്പെടുത്തുകയുണ്ടായി.<br>• കേരളത്തിലെ സഹകരണ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്തുവാൻ കഴിഞ്ഞു.<br>• സമ്പുഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വർദ്ധിച്ച സാന്നിധ്യം ഉളവാക്കുകയുണ്ടായി.<br>• സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും, ചർച്ചകളും, സംഘടിപ്പിക്കുക വഴി സഹകരണ മേഖലയിൽ സംഘങ്ങൾ കൈവരിച്ച നേട്ടങ്ങളും, സഹകരണ മേഖല അനുഭവിക്കുന്ന പ്രയാസങ്ങളും, വെല്ലുവിളികളും അവതരിപ്പിക്കുകയും പരിഹാര മാർഗ്ഗങ്ങൾ തേടുകയും ചെയ്തു. |
| (സി) | സ്ത്രീ ശാക്തീകരണത്തിൽ സഹകരണ മേഖലയുടെ സംഭാവനകൾ സംബന്ധിച്ച് വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഉണ്ട്.<br><br>സംസ്ഥാനത്തെ വനിത സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യത്യസ്തമായ പ്രവർത്തന പരിപാടികൾ ഏറ്റെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും വനിത സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് വനിതാഫെഡും സംസ്ഥാന സർക്കാരിന്റെ ആയുഷ് വകുപ്പിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ കേരളവുമായി സഹകരിച്ച് ഗർഭകാല പരിചരണം, പ്രസവകാല പരിചരണം എന്നിവയിൽ വനിതകൾക്ക് ശാസ്ത്രീയ പരിശീലനം നൽകി തൊഴിലവസരം സൃഷ്ടിക്കുന്ന പദ്ധതിയാണ് സൂതികാമിത്രം പദ്ധതി (സഖി). ഈ പദ്ധതിയുടെ ഭാഗമായി ഒന്നാംഘട്ടം പരിശീലനം 2025 നവംബർ 1 മുതൽ ജില്ലയിലെ നെല്ലിമൂട് വനിത സഹകരണ സംഘത്തിൽ ആരംഭിച്ചിട്ടുണ്ട്. 50 പേർക്കാണ് ആദ്യഘട്ടത്തിൽ തിയറി, പ്രാക്ടിക്കൽ ഉൾപ്പെടുത്തി പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുന്നത്. പരിശീലന പരിപാടി 2026 ജനുവരി മാസം 31-ാം തീയതി ഇന്റേൺഷിപ്പോടെ അവസാനിക്കും. 2026 ഫെബ്രുവരി മാസത്തിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. വനിത ഫെഡറേഷന്റെ അംഗസംഘങ്ങളായ പ്രാഥമിക സഹകരണസംഘങ്ങളിൽ നിന്ന് തെരെഞ്ഞെടുക്കുന്നവരെ സർട്ടിഫിക്കറ്റ് കോഴ്സിൽ ചേർക്കുകയും വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്നവരെ ആവശ്യാനുസരണം ജോലിയ്ക്ക് നിയോഗിക്കുകയും ചെയ്യുന്നതിനാണ് ഫെഡറേഷൻ ലക്ഷ്യമിടുന്നത്. ചികിത്സാ സമ്പ്രദായത്തിന്റെ രീതിക്കനുസൃതമായി ഗർഭകാല പ്രസവാനന്തര ശുശ്രൂഷയിൽ ശാസ്ത്രീയമായ പരിശീലനം നൽകുക എന്നതാണ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ ലക്ഷ്യം. |
| (ഡി) | ഹരിതം സഹകരണം പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ? | (ഡി) | പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി 2017-ൽ സഹകരണ വകുപ്പ് ഏറ്റെടുത്തു നടപ്പിലാക്കിയ **ഹരിതം സഹകരണം** പദ്ധതിയിലൂടെ തുടർച്ചയായി 5 വർഷം കൊണ്ട് 5 ലക്ഷം ഫല വൃക്ഷത്തൈകൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ചുപിടിപ്പിക്കുക എന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയിലൂടെ ഒന്നാം വർഷം പ്ലാവ്, രണ്ടാം വർഷം കശുമാവ്, മൂന്നാം വർഷം തെങ്ങ്, നാലാം വർഷം പുളി, അഞ്ചാം വർഷം മാവിൻതൈകൾ എന്നിങ്ങനെയാണ് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചത്. ജില്ലാ തലത്തിൽ യോഗം ചേർന്ന് ഇതിന്റെ ഉദ്ഘാടന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റുപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും നിർദ്ദേശം നൽകിയിരുന്നു.<br><br>ഇതിന്റെ തുടർച്ചയായി 2023 -ലെ പരിസ്ഥിതി ദിനത്തിൽ ഓരോ സംഘവും ഒരു മാംഗോസ്റ്റിൻ തൈ വീതം നട്ടുപിടിപ്പിക്കുകയും 2024ൽ എല്ലാ ജില്ലകളിലും സഹകരണ സംഘങ്ങൾ മുഖേന പരമാവധി എണ്ണം പ്ലാവിൻ തൈകൾ നട്ടു പിടിപ്പിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ